പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **7046** 11/07/2014 ലെ മറുപടിക്ക്

## <u>കായികാദ്ധ്യാപക നിയമനം</u>

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| | **ശ്രീ. റ്റി.വി. രാജേഷ്** | | **ശ്രീ. പി.കെ. അബ്ദു റബ്ബ്**<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | കുട്ടികളുടെ കുറവുമൂലം അധ്യാപക തസ്തിക നഷ്ടപ്പെടാതിരിക്കാൻ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:35 ആക്കി കുറക്കുന്നതിന് ഉത്തരവായതു പോലെ ഈ ആനുകൂല്യം യു.പി. സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കു കൂടി സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | യു.പി. സ്കൂളുകളിൽ കായികാദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് കുറഞ്ഞത് 500 കുട്ടികൾ ഉണ്ടായിരിക്കണം. ഇതിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലില്ല. |
| ബി) | അപ്പർ പ്രൈമറിയിൽ 12 പീരിയഡ് എങ്കിലും ഉള്ള കായികാദ്ധ്യാപകരെ അതത് സ്കൂളുകളിൽത്തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | അപ്പർ പ്രൈമറിയിൽ 500 കുട്ടികൾ എങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാൻ കഴിയൂ. |
| സി) | അപ്പർ പ്രൈമറി മുതലുള്ള എല്ലാ വിദ്യാലയങ്ങളിലും ഒരു കായിക അദ്ധ്യാപകനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | കായികാദ്ധ്യാപകരുടെ പൂളിംഗ് വഴി എല്ലാ വിദ്യാലയങ്ങളിലും അവരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) | സ്കൂൾ കായികാദ്ധ്യാപകർക്ക് വിവിധ കായിക ഇനങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകണമെന്നത് സംബന്ധിച്ച നിലവിലുള്ള നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് വ്യവസ്ഥ ചെയ്യാൻ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാകുമോ; | ഡി) | ഇല്ല. ഇപ്പോൾ പരിഗണനയിലില്ല. |
| ഇ) | സബ്ജില്ല, ജില്ലാ കായികമേളയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ യുവജനോത്സവത്തിൽ നൽകുന്നതു പോലെ ഭക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | സബ്ജില്ലാ മത്സരങ്ങളിൽ അവ നടക്കുന്ന സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ സഹകരണത്തോടെ ചില സബ്ജില്ലകളിൽ ഭക്ഷണം നൽകാറുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ എല്ലാ സബ്ജില്ലകളിലും ഭക്ഷണം നൽകുന്നില്ല. ജില്ലാതല അത്‌ലറ്റിക് മത്സരങ്ങളിൽ എല്ലാ ജില്ലയിലും ഭക്ഷണം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ